ഹുസൈൻ രണ്ടത്താണി

**വാരിയൻ കുന്നൻ വിവാദങ്ങൾക്കപ്പുറം**

ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളെയൊക്കെ വെറും കലാപമായും ലഹളയായും മുദ്ര കുത്തി ഒന്നുമല്ലാതാക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചിരുന്നു. 1857 ഒന്നാം സാതന്ത്ര്യ സമരത്തെ വെറും ശിപായി ലഹളയായാണ് ചിത്രീകരിച്ചത്. ഇവർക്ക് സമര നേതാക്കൾ മത ഭ്രാന്തൻമാരോ അപരിഷ്കൃതരോ കലാപകാരികളോ ആണ്. അങ്ങനെയാണ് മലബാർ സമരം വെറും ലഹളയാവുന്നതും അതിന്റെ നേതാക്കൻമാർ മത ഭ്രാന്തൻമാരും കാടൻമാരുമാവുന്നതും. ബ്രിട്ടീഷുകാരുടെ കുഴലൂത്തുകാർ ഈ വ്യാഖ്യാനങ്ങളെ പൊടിപ്പും തൊങ്ങലും വച്ച് പ്രചരിപ്പിച്ചു. അക്കാര്യത്തിൽ ഹിന്ദു മുസ്ലിം ലോയലിസ്ററുകൾ ഒററക്കെട്ടായിരുന്നു. 'ഗാന്ധി മഹാത്മാവെന്നൊരു വിദ്വാൻ മാന്തിക്കുഴിയതിൽ നിക്ഷേപിച്ച ആപത്താണ് ഖിലാഫത്' എന്ന് ഹിന്ദു വർഗീയ വാദികൾ തുള്ളിപ്പാടിയപ്പോൾ ഖിലാഫത് സമരം മതത്തിനെതിരും രാജ്യദ്രോഹവുമാണെന്നും ഖിലാഫതിന്റെ പേരിൽ കലാപമാണ് നടത്തുന്നതെന്നും ബ്രിട്ടീഷ് ഭക്തൻമാരും കോൺഗ്രസ് വിരുദ്ധരുമായ ചില മുസ്ലിംകളും പ്രചരിപ്പിച്ചു.  എന്നിട്ടും കോളണി വാഴ്ചക്കെതിരെയുള്ള ഈ മഹാ സമരം ചരിത്രത്താളുകളിൽ തങ്കലിപികളിൽ തന്നെ പതിഞ്ഞു കിടക്കുന്നു.

സ്വാതന്ത്ര്യന് വേണ്ടി ജീവൻ നല്കിയ വാരിയൻകുന്നനെക്കുറിച്ച് സിനിമയോ നാടകമോ സംഘടിപ്പിക്കാൻ ആർക്കും അവകാശമുണ്ട്.  പച്ചക്കള്ളം പരത്തി ഇതിനെ തമസ്കരിക്കുന്നവർ അപ്പണി തുടർന്ന് കൊണ്ടിരിക്കും. ഇവരെന്നും സാമ്രാജ്യത്വത്തിന്റെ അരികുപററികളായിരുന്നു. മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന ആളുകളുടെ മതം നോക്കിയാണോ ഒരു സംഭവത്തെ വിലയിരുത്തുന്നത്? ഖിലാഫത്ത് വരും മുമ്പേ തന്നെ മലബാറിൽ ചൂഷകരായ ജൻമിമാർക്കെതിരെ സമരം നടന്നിരുന്നു. ജാതിയുടെ പേരിൽ ചൂഷിതരായ ഭൂരിപക്ഷം കുടിയാൻമാരാണ് ഈ സമരത്തിന് മുന്നിലുണ്ടായിരുന്നത്. ഈ കുടിയാൻമാർ പൊതുവേ ഹിന്ദുക്കളായിരുന്നു. ഇവരുടെ പരിദേവനങ്ങളെ ജൻമിയോ ഹിന്ദുമതത്തിന്റെ ഇന്നത്തെ മൊത്തക്കച്ചവടക്കാരോ ഒരിക്കലും പരിഗണിച്ചിട്ടില്ല. ബ്രാഹ്മണ ജൻമിമാർ തീണ്ടാപ്പാടകലെ നിറുത്തിയ കുടിയാൻമാർക്ക് ഹിന്ദു വിധി പ്രകാരം പ്രതികരിക്കാൻ അവകാശമുണ്ടായിരുന്നില്ല.  ജൻമിമാർക്കെതിര പ്രതികരിക്കുന്നത് മതവിരുദ്ധമാണെന്ന് കുടിയാൻമാരെ വിശ്വസിപ്പിച്ചു. തങ്ങൾക്ക് അവകാശങ്ങളുടെ ഒരു ലോകമുണ്ടെന്ന് ചിന്തിക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല. ഇവരും ഹിന്ദുക്കളായിരുന്നില്ലേ? ജന്മിമാർക്ക് വേണ്ടി മാത്രം ശബ്ദമുയർത്തുന്ന സംഘ പരിവാറുകാർ എന്ത് കൊണ്ടാണ് ശൂദ്രൻമാരും അടിയാളരുമായ ഈ വിഭാഗത്തിന്റെ കാര്യം മിണ്ടാതിരിക്കുന്നത്? സ്വന്തം മതം തങ്ങളെ കൈയൊഴിഞ്ഞപ്പോഴാണ് ഈ കുടിയാൻമാർ കൂട്ടത്തോടെ അന്യ മതങ്ങളിലേക്ക് പോയത്. മലബാറിൽ മമ്പുറം തങ്ങളുടേയും സൂഫികളുടേയും സാന്നിധ്യം മൂലം ആശ്വാസം ലഭിച്ചപ്പോൾ കുടിയാൻമാർ  അവരുടെ മാർഗം സ്വീകരിക്കുകയായിരുന്നു. ഇതൊരു മതം മാററമാണെങ്കിൽ ആയിക്കോട്ടെ. മതം മാറിയവർക്ക് സ്വാതന്ത്ര്യത്തോടെ നടക്കാൻ കഴിഞ്ഞു. സാമൂഹികമായ ഈ സ്വാതന്ത്ര്യമല്ലേ പ്രധാനം? 'എത്രയോ ദൂരം വഴിതെററി നിലക്കേണ്ട ഏഴച്ചെറുമാൻ പോയി തൊപ്പിയിട്ടാലും ചാരത്തിരുത്തിടാം' എന്ന് പാടിയല്ലേ ഈഴവ കവി കുമാരനാശാൻ അഹന്ത നടിക്കുന്ന ജൻമിമാരെ പരിഹസിച്ചത്.

**കാരണങ്ങൾ**

മലബാറിലെ സമരങ്ങൾക്ക് പ്രധാന കാരണം കൃഷി ഭൂമിയിൽ നിന്ന് കുടിയാൻമാരെ ആട്ടിയിറക്കിയതാണ്. ബ്രിട്ടീഷുകാരുടെ സഹായത്തോടെ കുടിയാൻമാരെ ഒരു ദാക്ഷിണ്യവുമില്ലാതെ ജൻമിമാർ കുടിയിറക്കിക്കൊണ്ടിരുന്നു. അവരിൽ ഭൂരിപക്ഷം പേരും അധഃസ്ഥിതരാണ്. ഇവർക്ക് പ്രതികരിക്കാൻ അവരുടെ മതത്തിൽ ഒരവകാശവും ഉണ്ടായില്ല. അതാണ് ഇവർ മതം മാറി സമരത്തിൽ അണി ചേർന്നത്. മലബാറിൽ കർഷക സമരങ്ങളിൽ നിറഞ്ഞു നിന്നവർ അധികവും ഇങ്ങനെ മതം മാറിയ അധഃസ്ഥിത വിഭാഗമായിരുന്നു. ബ്രിട്ടീഷുകാരുടെ പ്രേരണയാൽ പല ജൻമിമാരും മാപ്പിളമാർക്കെതിരെ തിരിഞ്ഞു. അവരെ പള്ളി പണിയാൻ സമ്മതിച്ചില്ല എന്ന് മാത്രമല്ല; എത്രയോ കാലമായി പ്രാർഥിച്ചിരുന്ന പള്ളികൾ ബ്രിട്ടീഷു കോടതിയുടെ സഹായത്തോടെ പൊളിച്ചു

നീക്കുകയും ചെയ്തു. മരണപ്പെട്ടാൽ ഖബറടക്കാനുള്ള സ്ഥലവും ഇവർക്ക് നിഷേധിച്ചു. ഇക്കാര്യം മലബാർ കലക്ടർമാരായിരുന്ന വില്യം ലോഗനും, കൊണോലിയും സമ്മതിക്കുന്നു. മതം മാറി വന്നവരെ പരിഹസിച്ചും മാറു മറച്ചവരെ അപമാനിച്ചും ചില ജൻമിമാർ അതിക്രമങ്ങൾ പതിവാക്കി. ഇതേ തുടർന്നുണ്ടായ കലാപങ്ങളിൽ പല ജൻമിമാരെയും മാപ്പിള കർഷകർ കൊന്നു. അവരുടെ ക്ഷേത്രങ്ങൾ ആക്രമിച്ചു. തങ്ങൾക്ക് പ്രവേശനം നല്കാതിരുന്ന ആ ക്ഷേത്രങ്ങളെ ചൂഷണത്തിന്റെ കേന്ദ്രങ്ങളായാണ് കർഷകർ കല്പിച്ചത്. അതിനാൽ മതം മാറിവന്നപ്പോൾ പലപ്പോഴും ഈ ക്ഷേത്രങ്ങളെയാണ് സമരക്കാർ നോട്ടമിട്ടത്. ജൻമിരുടെ സഹായത്തോടെ നിരവധി സമരക്കാരെ ബ്രിട്ടീവുകാർ കൊലപ്പെടുത്തുകയോ നാടു കടത്തുകയോ ചെയ്തു.

1921ലെ ഖിലാഫത് സമരവും ഈ സമരങ്ങളുടെ തുടർച്ചയായിരുന്നു. സമരം പ്രദേശിക തലത്തിൽ നിന്ന് മാറി ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി. ഒപ്പം തുർക്കിയിലെ ഖലീഫയെ അപമാനിച്ചതിന്റെ വിരോധം കൂടിയായപ്പോൾ മുസ്‌ലിംകൾക്ക് ബ്രിട്ടീഷ് വിരോധം പതിൻമടങ്ങായി. ദേശീയ കോൺഗ്രസും ഖിലാഫത് സമരത്തിന് പ്രത്യക്ഷ പിന്തുണ നല്കി. അങ്ങനെ ബ്രിട്ടീഷു ഭരണിനെതിരെ ഒരു സർവേന്ത്യാ പ്രക്ഷോഭം രൂപം കൊണ്ടു. ബ്രിട്ടീഷുകാരെ പുറത്താക്കുക എന്ന എക ആശയത്തിൽ ഹിന്ദുവും മുസ്‌ലിമും ഒന്നിച്ചു. മലബാറിലും ഖിലാഫത് പ്രക്ഷോഭം ശക്തമായി. കർഷകരുടെ പ്രശ്നങ്ങളായിരുന്നു മലബാർ സമരത്തിലെ മുഖ്യ പ്രമേയം. ഇതിനെ വെറും മാപ്പിള കലാപമായി എത് തെളിവിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തുക? ഏത് സംഭവത്തേയും വിലയിരുത്തുന്നത് അതിന്റെ അടിസ്ഥാനകാരണങ്ങളെ വിശകലനം ചെയ്തു കൊണ്ടാവണം. അല്ലാതെ അതിൽ പങ്കെടത്തവരുടെ മതം നോക്കിയല്ല. ഇത്തരം സമരങ്ങൾ ഇന്ത്യയുടെ പല ഭാഗത്തും ഉണ്ടായിരുന്നു. ഇവയിൽ കുടിയാൻമാരർ മതം നോക്കിയല്ല പങ്കെടുത്തത്. കാർഷിക പ്രശ്നങ്ങളായിരുന്നു കാരണം. ജാതിക്കോയ്മയെ ഹിന്ദു മതവുമായി കൂട്ടുകെട്ടി ശൂദ്രൻമാരായ കുടിയാൻമാരെ ജന്മിമാർ അടിച്ചമർത്തിയതിനെതിരെയാണ് കാർഷിക പ്രക്ഷോഭങ്ങളഖിലവും നടന്നത്. മതം പ്രചരിപ്പിക്കുന്നതിന്റെ പേരിലോ മതങ്ങളെ സംരക്ഷിക്കുന്നതിന്റെ പേരിലോ ഒരു സമരവും മലബാറിലുണ്ടായിട്ടില്ല. അല്ലാതെ തന്നെ ജാതി മർദ്ദനം മൂലം അധഃസ്ഥിതർ ഇസ്‌ലാം മതം പുൽകിക്കൊണ്ടിരുന്നു. ഹിന്ദു മതത്തിന്റെ മേലാളൻമാരായ ബ്രാഹ്മണരും ജൻമിമാരും സുരക്ഷ നല്കാത്തതിന്റെ പേരിലാണ് ഇങ്ങനെ സംഭവിച്ചത്. ആ പ്രക്രിയ ഇപ്പോഴും തുടരുന്നുമുണ്ട്. തമിഴ് നാട്ടിലെ മേട്ടു പാളയത്ത് ഇയ്യിടെ കൂട്ടമായി മതം മാറിയത് ആരുടെ കുററം കൊണ്ടായിരുന്നു? ഇതേ കുറിച്ചൊന്നും സംഘ് പരിവാറിന് ഒന്നും പറയാനില്ല. കാരണം പരിവാർ ജാതിക്കോയ്മയുടെ ആളുകളാണ്.

**ഖിലാഫത് വ്യവസ്ഥ**

മലബാർ സമരത്തിന് നേതൃത്വം നല്കിയ കുഞ്ഞഹമ്മദാജിയുടേയും കാപ്പാട് കൃഷ്ണൻ നായർ, നാരായണൻ നമ്പീശൻ, താളിയിൽ ഉണ്ണീൻ കുട്ടി അധികാരി തുടങ്ങിയവരുടേയും സാന്നിധ്യത്തിൽ തയാറാക്കിയ ഖിലാഫത് വ്യവസ്ഥ നമ്മുടെ മുമ്പിലുണ്ട്. ഈ വ്യവസ്ഥ പ്രകാരം മലബാറിലെ ഖിലാഫത് ഭരണം എല്ലാ ജാതി മതസ്ഥരുടേയും സംരക്ഷണം ഉറപ്പു വരുത്തുകയും ബ്രിട്ടീഷുകാർക്കെതിരെ ഒന്നിച്ചു നില്ക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഖിലാഫത്ത് സമരത്തിന്റെ നേതാക്കൾ മുസ്‌ലിംകൾ മാത്രമായിരുന്നില്ല. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഗോപാല മേനോൻ, എം.പി നാരായണ മേനോൻ, കേശവ മേനോൻ തുടങ്ങി ഖിലാഫതിന് നേതൃത്വം കൊടുത്തവർ ഹിന്ദുക്കളല്ലെന്ന് ആറെസ്സെസ്സുകാർ പറയുമോ? ഖിലാഫത്ത് സമരത്തിനെതിരെ നില കൊണ്ട മാപ്പിള നേതാക്കളുമുണ്ട്. ഖാൻ ബഹാദൂർ മുത്തു കോയ തങ്ങൾ, ആററക്കോയ തങ്ങൾ, കുട്ടിയമ്മു മുസ്‌ലിയാർ, മമ്പുറം അബ്ദുല്ലക്കോയ തങ്ങൾ, മമ്മദ് മുസ്‌ലിയാർ, മക്തി തങ്ങൾ, കവി പുലിക്കോട്ടിൽ ഹൈദ്രു തുടങ്ങി ഒട്ടേറെ പേർ ഈ ലിസ്ററിലുണ്ട്. കൂടാതെ മുസ്‌ലിം ജൻമിമാരും, അധികാരികളും മുസ്‌ലിംകളായ ബ്രിട്ടീഷുദ്യോഗസ്ഥൻമാരും സമരക്കാരെ നേരിടുന്നതിൽ മുൻ പന്തിയിലുണ്ടായിരുന്നു. കുഞ്ഞഹമ്മദാജിയേയും സമരപോരാളികളേയും പിടിക്കാൻ നിയുക്തരായ ആമു സൂപ്രണ്ടും അമ്മുവും, കോൺസ്ററബിൾ മൊയ്തീനും മുസ്‌ലിംകൾ തന്നെയാണ്. വാരിയൻ കുന്നനും കൊന്നാര തങ്ങളുമടക്കമുള്ള പല ഖിലാഫത് നേതാക്കളേയും പട്ടാളത്തിന് പിടിച്ച്

കൊടുത്തതും മാപ്പിളമാർ തന്നെ. കുഞ്ഞഹമ്മദാജിയുടെയും ഖിലാഫത് പ്രക്ഷോഭകരുടേയും ശത്രുത ഇവരടക്കം ബ്രിട്ടീഷുകാരോടൊപ്പം നിന്ന എല്ലാവരോടുമായിരുന്നു. സമര വിരുദ്ധരുടെ മതം നോക്കിയല്ല പ്രക്ഷോഭകർ എതിർത്തത്. ചേക്കുട്ടി ഇൻസ്പെക്ടറുടെ തലയറുത്ത് കുന്തത്തിൽ നാട്ടി സമരം നയിച്ച ഹാജിയെ ഹിന്ദു വിരോധിയാക്കിയത് ബ്രിട്ടീഷുകാരാണ്. അതിന് ഒരു തെളിവും അദ്ദേഹത്തിന്റെ ജീവിതത്തിലില്ല. ഒററുകാരായ നിരവധി മാപ്പിളമാരെ അദ്ദേഹം വധിച്ചു. സമരത്തിൽ നിന്ന് മുതലെടുക്കാൻ ശ്രമിച്ചവരെയും അദ്ദേഹം വെറുതെ വിട്ടില്ല. നമ്പൂതിരി ബാങ്ക് കൊള്ള ചെയ്ത മാപ്പിളമാരെ പിടിച്ച് തൊണ്ടി മുതൽ തിരിച്ചു വാങ്ങി അവകാശികൾക്ക് കൊടുത്തു. മനകളിൽ കയറി കൊള്ളനടത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വന്നു.

മലബാർ സമരത്തെ ബ്രിട്ടീഷ് അനുകൂല പത്രങ്ങൾ ഹിന്ദു വിരുദ്ധ കലാപമായാണ് ചിത്രീകരിച്ചത്. ബ്രിട്ടീഷ് പക്ഷക്കാരും സാമുദായിക മുൻവിധിക്കാരും ഇതിന്റെ കാരണങ്ങളന്വേഷിക്കാതെ ബ്രിട്ടീഷ് രചനകളെ സഹായിക്കും വിധം ഗ്രന്ഥരചന നടത്തി. ടിപ്പു, ബഹാദൂർഷാ സഫർ തുടങ്ങിയ ബ്രിട്ടീഷ് വിരുദ്ധർക്കെതിര ഇവർ കൈക്കൊണ്ടതും ഇതേ നയമായിരുന്നു. സാമ്പത്തികവും സാമൂഹികവുമായ സാഹചര്യം പഠിക്കാതെ കേവലം സാമുദായിക കലാപമായി ഖിലാഫത് സമരത്തെ ചിത്രീകരിക്കുന്നവർ സാമാജ്യത്വ വാദികൾക്ക് കുഴലൂത്ത് നടത്തുകയാണ്. മർദ്ദകനും മർദ്ദിതനും തമ്മിലായിരുന്നു മലബാർ സമരം. മർദ്ദകന്റെ മതം നോക്കി എതിർക്കുന്ന ഏർപ്പാട് ഈ സമരത്തിൽ എവിടെയുമുണ്ടായിട്ടില്ല. കുഞ്ഞഹമ്മദാജി ഒരു മാപ്പിളയായിരുന്നെങ്കിലും അദ്ദേഹത്തെ പിടിച്ചു കെട്ടാനും അതിന് വേണ്ടി ബ്രിട്ടീഷുകാരെ സഹായിക്കാനും മുൻ പന്തിയിൽ വന്നത് മാപ്പിള ഉദ്യോഗസ്ഥൻമാരും മാപ്പിള ജൻമിമാരും തന്നെയാണ്. ആമു സാഹിബാണ് മാപ്പിള സമരത്തെ ഇല്ലാതാക്കാൻ നേതൃത്വം നല്കിയത്. അദ്ദേഹത്തെ വധിക്കാൻ കോപ്പു കൂട്ടിയതും അദ്ദേഹം തന്നെ. അദ്ദേഹത്തിന്റെ മൃത ശരീരം ഖബറടക്കാനനുവദിക്കാതെ കത്തിച്ച് കളയാൻ ഏർപ്പാടാക്കിയതും ബ്രിട്ടീഷ് പക്ഷക്കാരായ മാപ്പിളമാരാണ്. സ്ഥലത്തെ മുസ്ലിം അധികാരിയാണ് കത്തിക്കുന്നതിനുള്ള വിറകും മണ്ണെണ്ണയും നല്കിയത്. എന്നിട്ടും ആ വീര പുത്രനെ മത ഭ്രാന്തനാക്കുകയാണ് ബ്രിട്ടീഷ് സഹയാത്രികരുടെ പിൻമുറക്കാർ. ഏററവും ചുരുങ്ങിയത് ഖിലാഫത് നേതാവ് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് എഴുതിയ ഖിലാഫത് സ്മരണകളെങ്കിലും വായിക്കണം.

**കുളം കലക്കിയവർ**

ഖിലാഫതിന്റെ മറവിൽ കൊള്ളയും കൊള്ളി വയ്പും നടന്നിട്ടുണ്ട്. ഇതില്ലാതാക്കാൻ കോൺഗ്രസും ഖിലാഫത് നേതാക്കളും വളരേ പണി പെട്ടു. പരസ്പരം മത്സരിച്ചിരുന്ന ജനമിമാരുടെ ആശ്രിതരായ മാപ്പിളമാരാണ് കൊള്ളക്കും കൊള്ളിവയ്പിനും കൂട്ടു നിന്നത്. കുളം കലക്കി മീൻ പിടിക്കാനുള്ള ശ്രമമാണ് ചില മുസ്ലിം ജന്മിമാരുടെ നേതൃത്വത്തിൽ അരങ്ങേറിയത്. അവർ തങ്ങളുടെ ആശ്രിതരായ മാപ്പിളമാരെ ഹിന്ദു വീടുകൾ കൊള്ളയടിക്കാനും തങ്ങളോട് ശത്രുതയുള്ള ജന്മിമാരെ വധിക്കാനും സമരത്തിന്റെ മറവിൽ ഏർപ്പാടാക്കി. ഇവർ വ്യാപകമായ പ്രചാരണങ്ങൾ അഴിച്ചു വിടുകയും ചെയ്തു. പലേടത്തും ശിപായിമാരും പട്ടാളവും ഈ വക പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നു. ഇത് സമരത്തിന്റെ നിറം മങ്ങാൻ കാരണമാക്കി. നേതാക്കൾ ജയിലിലും ഒളിവിലും ആയപ്പോഴും നേതൃത്വം അശക്തമായി. ഖിലാഫത് ഭരണം ശക്തിപ്പെടുത്താനുള്ള സംവിധാനങ്ങളും ഇല്ലാതെ പോയി. സാമ്രാജ്യത്തിന്റെ പല ഭാഗത്ത് നിന്നും പട്ടാളത്തെ ഇറക്കി സമരത്തിനെതിരെ ബ്രിട്ടീഷുകാർ സർവ അടവുകളും പ്രയോഗിച്ചു.

സമരത്തെ പലരും പഠിക്കുന്നത് ബ്രിട്ടീഷുദ്യോഗസ്ഥരെഴുതിയ റിപ്പോർട്ടുകളിൽ നിന്നാണ്. ടോട്ടൻ ഹാം, ഹിച്ച് കോക്ക്, സി.ഗോപാലൻ നായർ എന്നിവരുടെ കൃതികളാണ് പലരും പിന്തുടരുന്നത്. ബ്രിട്ടീഷു നയങ്ങളെ പൂർണമായും ഈ ഉദ്യോഗസ്ഥൻമാർ പിന്താങ്ങുന്നു. ഒപ്പം സമരങ്ങളെ കേവലം ലഹളകളായി മുദ്ര കുത്തുകയും ചെയ്യുന്നു. രേഖകളെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന കൃതികൾ ഇപ്പോൾ ലഭ്യമാണ്. ഇക്കാര്യത്തിൽ എം. ഗംഗാധരൻ, കെ.എം പണിക്കർ കോൺറാഡ് വുഡ് എന്നിവരുടെ പഠനങ്ങൾ പ്രധാനമാണ്. ആരെങ്കിലും വിമർശിച്ചു എന്നത് കൊണ്ട് ഖിലാഫത് സമരത്തിന്റെ പ്രാധാന്യം കുറയുന്നില്ല. വിമർശിക്കാനുള്ള സ്വാതന്ത്ര്യം

എല്ലാവർക്കുമുണ്ട്. വിമർശിക്കുന്നവരെ നോക്കിയല്ല; വിമർശനത്തിൽ കഴമ്പുണ്ടോ എന്നതാണ് പ്രധാനം. അംബേദ്കർ ഖിലാഫതിനെയും ഇസ്‌ലാം മതത്തെ തന്നെയും വിമർശിച്ചയാളാണ്. ഇന്ത്യാ വിഭജനത്തെ അനുകൂലിച്ചയാളാണ്. ജീവിതത്തിലുടനീളം ഗാന്ധിജി തനിക്ക് രാഷ്ട്രീയ ശത്രുവായിരുന്നു. അപ്പേരിൽ അദ്ദേഹം രൂപകല്പന ചെയ്ത ഭരണഘടനയോട് ആർക്കും വിദ്വേഷമില്ല. ആരെങ്കിലും വിമർശിച്ചാലും ഭരണഘടനക്ക് ഒന്നും വരാനില്ല. മലബാർ സമരത്തിന്റെ കാര്യവും അത് തന്നെ. ഗാന്ധിജി മലബാർ സമരത്തിലെ ഹിംസയെ വിമർശിച്ചിട്ടുണ്ട്. ചൗരി ചൗരയിലെ ഹിംസയേയും വിമർശിച്ചിട്ടുണ്ട്. സമരത്തെ അനുകൂലിക്കുന്നവരും അതിലെ അമിതത്വങ്ങളെ വിമർശിക്കുന്നു. പക്ഷേ, അപ്പേരിൽ മലബാറിലെ കോളണി വിരുദ്ധ സമരങ്ങളെ കുഴിച്ചു മൂടാമെന്ന് വ്യാമോഹിക്കരുത്. വർഗീയ വാദികൾ ഗാന്ധിജിയെ സ്ഥിരമായി വിമർശിക്കുകയും അവസാനം അദ്ദേഹത്തെ വധിക്കുകയും ചെയ്തുവല്ലോ? എന്ന് വച്ച് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് ഒരു കളങ്കവും വന്നിട്ടില്ല. 9995946382

====================================